പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2518

13.2.2013 ൽ
മറുപടിയ്ക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിൽ ഐ.ടി. പാർക്ക്</u>

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ ; | ഉത്തരം<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
|---|---|
| എ) അമ്പലപ്പുഴ മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കുമോ ; | എ) അമ്പലപ്പുഴയിലെ പുറക്കാട് വില്ലേജിലെ ഗാന്ധിസ്മൃതി വനത്തിൽപ്പെടുന്ന 100 ഏക്കർ സ്ഥലത്ത് തുടങ്ങാനുദ്ദേശിച്ചിരുന്ന ഐ.ടി. പാർക്ക് ബയോഡൈവേഴ്സിറ്റി ബോർഡ് ചില പാരിസ്ഥിക പ്രശ്നങ്ങൾ ഉന്നയിച്ചത് കാരണം തുടങ്ങാനായിട്ടില്ല. |
| ബി) തോട്ടപ്പള്ളിയിൽ ഐ.ടി. പാർക്കിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | ബി) തോട്ടപ്പള്ളിയിൽ അമ്പലപ്പുഴ താലൂക്കിലെ പുറക്കാട് വില്ലേജിൽ ഏകദേശം 50 ഏക്കർ സ്ഥലത്തേക്ക് ഐ.ടി. പാർക്ക് ഗാന്ധിസ്മൃതി വനത്തിൽപ്പെടുന്ന സ്ഥലത്ത് നിന്നും മാറ്റി സ്ഥാപിക്കാൻ ഉത്തരവായിട്ടുണ്ടായിരുന്നുവെങ്കിലും പദ്ധതി നടപ്പിലായില്ല. |
| സി) ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ ;<br>ഡി) എങ്കിൽ, എന്തെന്ന് വ്യക്തമാക്കാമോ ? | (സി) യും (ഡി) യും<br>തോട്ടപ്പള്ളിയിൽ പുതുതായി നിർദ്ദേശിക്കപ്പെട്ട 50 ഏക്കർ സ്ഥലം National Highway യോട് ചേർന്ന് കിടക്കുന്നതിനാൽ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭീമമായ തുക കോമ്പൻസേഷൻ ഇനത്തിൽ നൽകേണ്ടതായും വരും. ഇത് ഐ.ടി. പാർക്ക് യാഥാർത്ഥ്യമാവുമ്പോൾ കമ്പനികൾക്ക് മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് വലിയ തുക lease premium ഇനത്തിൽ നൽകേണ്ടതായും വരും. അതിനാൽ വിവിധ Co- developers/IT Companies ഇവിടെ സ്ഥലം ആവശ്യപ്പെട്ട് മുന്നോട്ടുവരാനുള്ള സാധ്യത കുറവാണ്. ഇത് പരിഹരിക്കുവാൻ വേണ്ട ഉചിതമായ നടപടികൾ സർക്കാർ കൈകൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ